# അക്കാദമിക്
## മാസ്റ്റർപ്ലാൻ

***ജിഎംഎൽപിസ്കൂൾ***
***ചെറുകുന്ന്***
***ഒതുക്കുങ്ങൽ 676528***

**ജി.എം.എൽ.പി.സ് കൂൾചെറുകുന്ന്**

**വിലാസം**

ഒതുക്കുങ്ങൽ പി.ഒ., 676528, മലപ്പുറം ജില്ല

**സ്ഥാപിതം** :1924

**വിവരങ്ങൾ**

ഇമെയിൽ:gmlpscherukunnu@gmail.com

**കോഡുകൾ**
സ്കൂൾ കോഡ് : 19804
യുഡൈസ് കോഡ് : 32051300308

**വിദ്യാഭ്യാസ ഭരണ സംവിധാനം**

റവന്യൂ ജില്ല:മലപ്പുറം
വിദ്യാഭ്യാസ ജില്ല:തിരൂരങ്ങാടി
ഉപജില്ല :വേങ്ങര

**ഭരണസംവിധാനം**

ലോകസഭാമണ്ഡലം:മലപ്പുറം
നിയമസഭാമണ്ഡലം:വേങ്ങര
താലൂക്ക്:തിരൂരങ്ങാടി
ബ്ലോക്ക് പഞ്ചായത്ത്:മലപ്പുറം
തദ്ദേശസ്വയംഭരണസ്ഥാപനം പഞ്ചായത്ത് :ഒതുക്കുങ്ങൽ
വാർഡ് :12

സ്കൂൾ ഭരണ വിഭാഗം:സർക്കാർ
സ്കൂൾ വിഭാഗം:പൊതുവിദ്യാലയം

പഠന വിഭാഗങ്ങൾ :എൽ.പി

സ്കൂൾ തലം:1 മുതൽ 4 വരെ

മാദ്ധ്യമം :മലയാളം, ഇംഗ്ലീഷ്

**സ്ഥിതിവിവരക്കണക്ക്**

ആകെ വിദ്യാർത്ഥികൾ:88
അദ്ധ്യാപകർ:5

**സ്കൂൾനേതൃത്വം:**

പ്രധാന അദ്ധ്യാപിക :ഖമറുന്നിസ
പി.ടി.എ. പ്രസിഡണ്ട് :മുഹമ്മദ് ശരീഫ് വികെ
എം.പി.ടി.എ. പ്രസിഡണ്ട് :ഷംന

# ആമുഖം

ഒരു നാടിന്റെ വിജ്ഞാന വിപ്ലവ ചരിത്രത്തിലെ നാഴികക്കല്ലായിമാറിയ ചെറുകുന്ന് ഗവണ്മെന്റ് എൽ പി സ്കൂൾ നൂറ് വയസ്സ് പൂർത്തിയാക്കി മുന്നേറുകയാണ്. സ്വാതന്ത്ര്യസമരം അതിന്റെ ഉന്നതിയിൽ നിൽക്കുന്ന കാലത്ത് നമ്മുടെ പൂർവികർ വിദ്യാഭ്യാസത്തെക്കുറിച്ച് ചിന്തിച്ച് തുട ങ്ങുന്ന സമയത്ത് നമ്മുടെ പ്രദേശത്തെ കുട്ടികളെ അക്ഷര ലോകത്തേക്ക് കൊണ്ടുവന്ന മഹത് സ്ഥാപനമാണ് നമ്മുടെ സ്കൂൾ. 1924ൽ എ ഴുത്തു പള്ളിക്കൂടമായാണ് ആരംഭം. പുത്തൂർ മേനോൻ എന്ന വ്യക്തിയാണ് സ്ഥാപനം തുടക്കമിടുന്നത്. ബ്രിട്ടീഷ് ഭരണം അവസാനിച്ച് പിന്നെയും പതിനഞ്ചു വർഷങ്ങൾ കഴിയുന്നതുവരെ ഇതേ രീതിയിൽ വിദ്യാലയം പ്രവർത്തിച്ചു. ബോർഡ് ഓഫ് മാപ്പിള ബോയ്സ് എലിമെന്ററി സ്കൂൾ എന്ന പേരിലാണ് സ്ഥാപനം അറിയപ്പെട്ടിരുന്നത്. ശേഷം ഏതാണ്ട് കാൽ നൂറ്റാണ്ട് മുമ്പ് സ്കൂൾ സ്ഥലം വിവിധ കൈമാറ്റങ്ങൾക്ക് വിധേയമായി. ഇപ്പോൾ കെട്ടിടവും സ്ഥലവും കുന്നത്തടത്തിൽ അബു എന്ന നമ്മുടെ നാട്ടുകാരനിൽ എത്തിച്ചേർന്നു. ഇത്രയും കാലം ഒറ്റക്കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന നമ്മുടെ വി ദ്യാലയത്തിന് 1994-95 അധ്യായന വർഷത്തിൽ പുതിയ ഒരു കെട്ടിടവുമായി.അറിവിന്റെ വെളിച്ചം പകർന്നു നമ്മുടെ സ്കൂൾ ഒരു നൂറ്റാണ്ട് പിന്നിട്ട് മുന്നേറുകയാണ്.

പരിമിതമായ സാഹചര്യങ്ങൾക്കിടയിൽ നിന്നുകൊണ്ടും അധ്യാപകരുടെ കഠിനപ്രയത്നവും രക്ഷിതാക്കളുടെ പിന്തുണയും കൊണ്ട് ഈ വിദ്യാലയം പാഠ്യ-പാഠ്യേതര രംഗങ്ങളിൽ മുന്നേറിക്കൊണ്ടിരിക്കുന്നു. ഓരോ കുട്ടിയുടെയും അറിവും കഴിവും പ്രായവും പരിഗണിച്ചുകൊണ്ട് അക്കാദമികമായി ആർജ്ജിക്കാവുന്ന ശേഷികളുടെ പരമോന്നതിയിൽ എത്തിക്കുക എന്ന ലക്ഷ്യം വെച്ചുകൊണ്ടാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഓരോ വിഷയത്തിലും ഏറ്റെടുത്തു നടപ്പിലാക്കാൻ കഴിയുന്ന ഹ്രസ്വ ദീർഘകാല ലക്ഷ്യങ്ങളെ മുൻനിർത്തിയാണ് പ്രവർത്തനങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

സ്കൂൾ നേരിടുന്ന പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനുള്ള ഉത്തരവാദിത്വം നമ്മളിൽ ഓരോരുത്തരിലും നിക്ഷിപ്തമാണ്. സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമികമായ വളർച്ചയ്ക്ക് ഇത് സഹായകമാകും എന്ന വിശ്വാസത്തോടെ ഈ രേഖ നിങ്ങൾക്കു മുന്നിൽ സമർപ്പിക്കുന്നു.

# പൊതുലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘു രചന ശില്പശാലകൾ നടത്തുന്നു.
- തീയേറ്റർ സാധ്യതകൾ,വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.

- ഇംഗ്ലീഷിലെ ലളിതമായ വാക്യങ്ങൾ വായിച്ച് ആശയം ഗ്രഹിക്കാൻ കഴിയുന്നു.
- 1 മുതൽ 4 വരെയുള്ള കുട്ടികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ താത്പര്യം വളർത്തുന്നു.
- സർഗാത്മക പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ നടത്തുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു.
- അറബി ഭാഷയിലെ അഭിരുചി വർദ്ധിപ്പിക്കുന്നു.
- ഗണിതത്തിലെ അടിസ്ഥാന ശേഷികൾ എല്ലാ കുട്ടികളിലും ഉറപ്പുവരുത്തുന്നു
- ഗണിത പഠനം ആകർഷകമാക്കുന്നു.
- ശാസ്ത്രം രസകരമാക്കുന്നതിനായി പരീക്ഷണ കിറ്റുകളും ലാബ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നു.
- പാഠഭാഗങ്ങളിലെ ആശയങ്ങളുടെ വ്യക്തതക്കായി ഫീൽഡ് ട്രിപ്പുകൾ നടത്തുന്നു.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാൻ സഹായിക്കുന്നു.

- സാധ്യമായ ദിനാചരണങ്ങൾ അക്കാദമിക് പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുന്നു.
- എൽ.പി കുട്ടികൾക്ക് അനുയോജ്യമായ Minor game, സിമ്പിൾ എക്സർസൈസ് എന്നിവ നൽകും.
- എല്ലാ കുട്ടികളിലും ശാരീരികക്ഷമത കായികക്ഷമത ടെസ്റ്റ് നടത്തുന്നു.
- കായിക മത്സരങ്ങളിൽ മികവ് കാണിക്കുന്നവരെ പ്രത്യേകം കണ്ടെത്തി പരിശീലിപ്പിക്കുന്നു.
- ഈ വർഷം നടന്ന ഫുട്ബോൾ ക്യാമ്പിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്നു
- പഠനം പ്രവർത്തനാധിഷ്ഠിതമാക്കുക.
- പഠിതാവിന്റെ കഴിവുകളെ തിരിച്ചറിഞ്ഞ് അവസരങ്ങൾ പ്രദാനം ചെയ്യുക.
- തൊഴിൽ മനോഭാവം, തൊഴിൽ ആഭിമുഖ്യം, തൊഴിൽ ചെയ്യുന്നവരോടുള്ള ആദരവ്.
- വിവിധ തൊഴിലുകളെക്കുറിച്ച് അവബോധം നേടുക..

# മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | നാലാം തരത്തിലെ എല്ലാ കുട്ടികളും സ്വതന്ത്രമായി വായിക്കുന്നതിനും കഥകൾ സ്ഫുടതയും ഒഴുക്കുമുള്ള ശൈലിയിൽ ഭാവാത്മകമായി വായിക്കുന്നതിനുമുള്ള ശേഷി നേടുന്നതിന്. | വായിക്കാം..... വളരാം<br>• ക്ലാസ് ലൈബ്രറി ഒരുക്കൽ<br>• വായനാ കാർഡുകൾ നൽകൽ<br>• പ്രാദേശിക ലൈബ്രറിയിൽ അംഗത്വം എടുക്കൽ<br>• ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>• പുസ്തകപരിചയം<br>• റീഡേഴ്സ് തിയേറ്റർ<br>• വായന ഉത്സവം<br>• പത്രവായന<br>• വായനാ മത്സരങ്ങൾ സംഘടിപ്പിക്കൽ<br>• മാഗസിൻ വായന<br>• ആനുകാലിക വായന<br>• ഇ-വായന<br>• വായന അനുഭവം പങ്കുവെക്കൽ | • ജൂൺ - മാർച്ച് |
| 2 | • നാലാം ക്ലാസിലെ എല്ലാ കുട്ടികളും അക്ഷര തെറ്റില്ലാതെ സ്വതന്ത്ര രചന നടത്തുന്നതിനും തങ്ങളുടെ അനുഭവങ്ങളും കണ്ട കാഴ്ചകളും സർഗാത്മകമായി വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ അവതരിപ്പിക്കുന്നതിന്. | എഴുത്ത് പച്ച<br>• കഥാരചന<br>• കവിത രചന<br>• സർഗാത്മക ഡയറി<br>• പത്രവാർത്ത തയ്യാറാക്കൽ<br>• കയ്യെഴുത്തു മാസിക<br>• ചുമർപത്രിക തയ്യാറാക്കൽ<br>• യാത്രാവിവരണം<br>• വർണ്ണന തയ്യാറാക്കൽ<br>• ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ<br>• കഥ പൂർത്തിയാക്കൽ<br>• അനുഭവക്കുറിപ്പ്തയ്യാറാക്കൽ | • ജൂൺ - മാർച്ച് |
| 3 | നാലാം തരത്തിലെ കുട്ടികൾ പാഠപുസ്തകത്തിലെ കവിതകൾക്ക് പുറമേ പുതിയ പാട്ടുകൾ , കവിതകൾ വായ്ത്താരികൾ എന്നിവ കണ്ടെത്തി ഈണം നൽകി അവതരിപ്പിക്കുന്നതിനും താളം തിരിച്ചറിഞ്ഞ് പുതിയ വരികൾ കൂട്ടിച്ചേർത്ത് കെട്ടിപ്പാടുന്നതിന് | പാട്ട് കെട്ടിപ്പാട്ട്<br>• താളം തിരിച്ചറിയൽ<br>• കാവ്യോത്സവം<br>• നാടൻ വാദ്യോപകരണ നിർമ്മാണവും പ്രയോഗവും<br>• കെട്ടിപ്പാട്ട്<br>• പാട്ടരങ്ങ് | • ജൂൺ മുതൽ വേണ്ട സന്ദർഭങ്ങളിൽ |
| 4 | • കവിതകൾ പാട്ടുകൾ എന്നിവയുടെ ആശയം തിരിച്ചറിഞ്ഞ് അവയെ വ്യത്യസ്ത രൂപങ്ങളിൽ ആവിഷ്കരിക്കുന്നതി | കാവ്യാവിഷ്കാരം<br>• കാവ്യാവിഷ്കാരം<br>• ദൃശ്യാവിഷ്കാരം<br>• റോൾപ്ലേ | • ജൂൺ രണ്ടാം വാരം മുതൽ യൂണിറ്റ് ഉടനീളം |
| 5 | • മലയാള സാഹിത്യത്തിൽ കൂടുതൽ അറിയുന്നതിനും സാഹിത്യകാരന്മാരുടെ പങ്കു തിരിച്ചറിയുന്നതിനും. | എഴുത്തുകാരെ പരിചയപ്പെടാം<br>• സാഹിത്യകാരന്മാരുടെ ജന്മദിനം ചരമദിനം തുടങ്ങിയ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ .<br>• പാഠഭാഗങ്ങളിലെ എഴുത്തുകാരെ അടുത്തറിയാം .<br>• സാഹിത്യ ക്വിസ്<br>• പുസ്തകപരിചയം<br>• ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ | • ജൂൺ മുതൽ ആരംഭം . |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 6 | • വിവിധ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ഭാഷാശേഷി വികസിപ്പിക്കുന്നതിന് | കണ്ടറിയാം..... കേട്ടറിയാം...<br>• പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോ ഓഡിയോ പ്രദർശനം | • ജൂൺ - മാർച്ച് |
| 7 | • നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | രുചിച്ചറിയാം....<br>• ഭക്ഷ്യമേള<br>• പാചകക്കുറിപ്പുകൾ അടങ്ങിയ പതിപ്പ്<br>• ക്ലാസിൽ ഒരു സദ്യ | • നവംബർ ഡിസംബർ മാസങ്ങൾ |
| 8 | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ അടുത്തറിയൽ | കലക്കൂട്ട്<br>• പ്രാദേശിക കലാകാരന്മാരെ പരിചയപ്പെടൽ<br>• വിവിധ കലാരൂപങ്ങളുടെ പ്രദർശനം<br>• കല ആൽബം തയ്യാറാക്കൽ | • ഡിസംബർ ജനുവരി മാസങ്ങൾ |
| 9 | • ഭാഷാ പഠനത്തിൻറെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുന്നതിനുള്ള ശേഷി | സർഗോത്സവം<br>• സർഗ്ഗ വേള<br>• ക്ലാസ് പി ടി എ യോഗങ്ങൾ<br>• പഠനോത്സവം<br>• വാർഷികാഘോഷം | • ക്ലാസ് പിടിഎ യോഗങ്ങൾ നടക്കുമ്പോൾ<br>• ആഴ്ചയിൽ ഒരു ദിവസം<br>• ഫെബ്രുവരി മാർച്ച് മാസങ്ങളിൽ |

# ENGLISH

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | · Simple words, simple sentences, add more lines, description make sure these are in the children | · Simple words introducing provide picture cards, gives a familiar magic picture card.<br>· Enjoy songs and sing them with rithm and action.<br>· Read and write simple words and simple sentence.<br>· Provide picture card and reading card | June – September |
| 2 | Develop the skills of listening, Speaking,Reading and Writing. | · Conduct assembly in English. | Throughout the year |
| 3 | · To speak, read and write English without making any mistakes<br>· Empowering reading ability. | · Introduces simple picture description, word chain, sentence chain, make words<br>· Write diary daily<br>· Organising reader corner<br>· Writing reading notes<br>· Providing material relating Hello English | Throughout the year |
| 4 | · An opportunity to speak English with confidence | · Let's talk – interacting with the talented<br>· English Balasabha<br>· Reading competition, writing competition, presenting skills etc... | Throughout the year |
| 5 | · An opportunity to speak English with confidence | · Creating situations relating speech through out conversation | Getting situations |

# അറബിക്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | • തെറ്റ് കൂടാതെയുള്ള ആശയ ഗ്രഹണ വായന കുട്ടിയെ വായനാ ലോകത്തേക്ക് കൊണ്ടുവരൽ | • ക്ലാസ് വായന, ചിത്രകഥ, കഥ പുസ്തകം, ചെറിയ വിവരണ ബുക്കുകൾ | വർഷം മുഴുവൻ |
| 2 | • സന്ദർഭത്തിനനുസരിച്ച് അറബിയിൽ സംഭാഷണങ്ങൾ അവതരിപ്പിക്കൽ | • ഭാഷണത്തിനു ക്ലാസ്സിൽ അവസരം ഒരുക്കുന്നു | വർഷം മുഴുവൻ |
| 3 | • അറബി ഭാഷ എഴുത്തിൻ്റെ പരിപോഷണം | • കയ്യെഴുത്ത് മാസിക നിഘണ്ടു നിർമ്മാണം | ജനുവരി - ഫെബ്രുവരി |
| 4 | • ചിത്രത്തെ ആസ്പദമാക്കി ലഘു വിവരണങ്ങൾ തയ്യാറാക്കൽ | • ചിത്രങ്ങൾ നിരീക്ഷിച്ച് ആവശ്യമായ വാചകങ്ങൾ കണ്ടെത്തുകയും ക്രോഡീകരിച്ച് ലഘു വിവരണങ്ങൾ തയ്യാറാക്കുന്നു. | വർഷം മുഴുവൻ |
| 5 | • സർഗാത്മകശേഷി വളർത്തൽ | • താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ള കവിതകൾക്ക് ഈണം നൽകി ഭാവാത്മകമായ അവതരിപ്പിക്കുന്നു പുതിയ വരികൾ കണ്ടെത്തുന്നു | ജൂൺ - ഫെബ്രുവരി |
| 6 | • ഭാവാത്മകമായുള്ള വായന | • കുട്ടികളെ മികച്ച വായനക്കാരായി മാറ്റുന്നു പാഠപുസ്തകങ്ങളിലും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു. | ജനുവരി - ഫെബ്രുവരി |
| 7 | • സ്വതന്ത്ര വായനക്കാരും എഴുത്തുകാരും ആക്കുക | • സ്വതന്ത്രമായി വായിക്കുവാനുള്ള അവസരം നൽകുന്നു സ്വതന്ത്ര രചനയ്ക്ക് അവസരം ഒരുക്കുന്നു. | ജനുവരി - ഫെബ്രുവരി |

# പരിസരപഠനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | • തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക | • പ്രകൃതി നടത്തം<br>• പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ<br>• പ്രകൃതി നിരീക്ഷണത്തിലൂടെ വിവിധ പക്ഷികൾ അവയുടെ ശബ്ദം പ്രത്യേകതകൾ മനസ്സിലാക്കുന്നു<br>• ഐസിടി മുഖേന പാഠഭാഗവുമായി ബന്ധപ്പെട്ട ഇത്തരം പ്രവർത്തനങ്ങൾ കാണാൻ അവസരം | ജൂൺ |
| 2 | • ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കാൻ | • ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>• ലഘുപരീക്ഷണങ്ങൾ സംഘടിപ്പിക്കൽ/പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കാൻ<br>• ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>• പരീക്ഷണം വീടിനകത്തും<br>• ശാസ്ത്ര മാസികകൾ<br>• അന്വേഷണ ത്വര വളർത്താൻ വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക് എന്നിവ സന്ദർശിക്കൽ<br>• പരിസര പഠനത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ചെയ്യൽ<br>• പരിസര പഠനം മൂല - പരിസര പഠനവുമായി ബന്ധപ്പെട്ട സാമഗ്രികൾ ഉൾക്കൊള്ളുന്നതായിരിക്കണം | വർഷം മുഴുവൻ |
| 3 | • ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | • ശാസ്ത്ര പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം എന്നിവയുടെ പ്രദർശനം.<br>• ജൈവവൈവിധ്യ പാർക്ക്<br>• തടയണ, മഴക്കുഴി നിർമ്മാണം. | ജൂൺ - ഫെബ്രുവരി |
| 4 | • പ്രകൃതി വിഭവ സംരക്ഷണം | • ജലസ്രോതസ്സുകൾ സംരക്ഷണം<br>• പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം<br>• പരിസ്ഥിതി ദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ - ഫെബ്രുവരി |
| 5 | • നിരീക്ഷണം - അറിവ് നിർമ്മാണം | • പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം |
| 6 | • പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | • പ്രകൃതി നടത്തം | ഒരു ദിവസം |
| 7 | • ഭൂപട വായന സൂചിക - പരിചയം | • ഭൂപട രചന, സൂചിക നിർമ്മാണം | വർഷത്തിൽ ഒന്ന് |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| **8** | • ശാസ്ത്ര പഠനത്തിൽ താല്പര്യം അന്വേഷണ ത്വര വളർത്തൽ | • വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക് എന്നിവ സന്ദർശിക്കൽ | ആവശ്യാനുസരണം |
| **9** | • ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | • ശാസ്ത്ര പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിൽ ഒന്ന് |

# ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | • ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • കുട്ടികളിൽ പിന്നോക്കമായി കാണുന്ന പഠന നേട്ടങ്ങൾ കണ്ടെത്തുന്നു<br>• പ്രീ ടെസ്റ്റ് മൂല്യനിർണയം റിപ്പോർട്ട് SRG യിൽ അവതരിപ്പിക്കുന്നു.<br>• മൂർത്ത വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ (കൂട്ടങ്ങളാക്കാൻ സങ്കലനം വ്യവകലനം ഗുണനം ഹരണം )വർക്ക് ഷീറ്റ് നൽകാൻ ചതുഷ്ക്രിയകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | ജൂൺ - ആഗസ്റ്റ് |
| 2 | • സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു | • മഞ്ചാടി സഞ്ചി നിർമ്മിക്കുന്നു. മഞ്ചാടി സഞ്ചിയിലെ സാധനങ്ങൾ ഉപയോഗപ്പെടുത്തി സംഖ്യാവബോധം ഉണ്ടാക്കുന്നു. | വർഷം മുഴുവൻ |
| 3 | • ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | ജാമിതീയ രൂപങ്ങൾ തിരിച്ചറിയൽ ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ,വിവിധ ഉൽപ്പന്നങ്ങളുടെ നിർമ്മാണം. ചുറ്റുപാടുമുള്ള ഗണിത രൂപങ്ങളെ പരിചയപ്പെടുത്തുന്നു ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ |
| 3 | • പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | • പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം. ക്ലോക്ക് നിർമ്മാണം സമയനാട നിർമ്മിക്കുന്നു.<br>• . സ്ലെയിൽ നിർമ്മാണം ഗുണന വസ്തുത കാർഡ് നിർമ്മാണം<br>• .ഗണിത കിറ്റിലെ (മഞ്ചാടി സഞ്ചി )സാധനങ്ങൾ ഉപയോഗിച്ച് ഗണിതക്രിയകളിൽ ഏർപ്പെടൽ.<br>• .ഗണിത ക്യാമ്പ് | ആവശ്യാനുസരണം |
| 4 | • ഗണിത ചിന്താശേഷി വളർത്തൽ | • കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടുത്തൽ<br>• പ്രശ്നോത്തരി<br>• ഗണിത പഠനം നിത്യ ജീവിതവുമായി ബന്ധപ്പെടുത്തി കച്ചവടസാധ്യത ക്ലാസിൽ കളി നോട്ട് ഉപയോഗിച്ച് നടക്കുന്നു | വർഷത്തിൽ ഒന്ന് |